**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4016** **03-03-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കൗൺസിലിലെ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന മെഡിക്കൽ കൗൺസിലിൽ എത്ര സ്ഥിരം ജീവനക്കാരും എത്ര താല്ക്കാലിക ജീവനക്കാരും ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ 8 സ്ഥിരം ജീവനക്കാരും, 19 ദിവസവേതനം/കരാർ ജീവനക്കാരും നിലവിലുണ്ട്. |
| (ബി) | എത്ര താല്ക്കാലിക ജീവനക്കാരെ 1998-ലും 2018-ലും സ്ഥിരപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ; ഏത് ചട്ടം അനുസരിച്ചാണ് ജീവനക്കാരെ പ്രസ്തുത വർഷങ്ങളിൽ സ്ഥിരപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുമോ; | (ബി) | 1998 ൽ എംപ്ലോയ്മെന്റ് മുഖേന വന്ന ഒരു താത്ക്കാലിക ജിവനക്കാരിയെയും, 2018 ൽ രണ്ട് താത്ക്കാലിക ജിവനക്കാരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 1953 ലെ ട്രാവൻകൂർ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ 19ാം വകുപ്പ് 3-ാം ഉപവകുപ്പിലെ അധികാരം വിനിയോഗിച്ച് അതതു കാലത്തെ സംയുക്ത കൗൺസിൽ തീരുമാനങ്ങളുടെയും, സർക്കാർ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ടി ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുള്ളത്.<br><br>രേഖകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (സി) | മെഡിക്കൽ കൗൺസിലിൽ നിയമനങ്ങൾ നടത്തുന്നതിനായി സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കരട് സ്പെഷ്യൽ റൂൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | അന്യത്രസേവന വ്യവസ്ഥയിൽ രജിസ്ട്രാർ ഉൾപ്പെടെ എത്ര ജീവനക്കാരാണ് നിലവിൽ കൗൺസിലിൽ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ രജിസ്ട്രാർ ഉൾപ്പെടെ 13 ജീവനക്കാർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ

(28)

**BY REGISTERED**

**PROCEEDINGS OF THE REGISTRAR, TRAVANCORE COCHIN MEDICAL COUNCILS & KERALA NURSES' & MIDWIVES' COUNCIL, THIRUVANANTHAPURAM-37**

Sub:- Estt - T.C.Medical Councils & Kerala Nurses' & Midwives' Council - L.D.Clerk on Rs.950-1500/- appointment - Orders issued.

Read:- C2/165/97 dated 24-10-97 of the Divisional Employment Officer, Divisional Employment Exchange, Thiruvananthapuram.

**ORDER NO.A.661/97/MC DATED 20-4-1998**

Smt. Nabeezath Beevi S., Manchadivilakath Veedu, Near Post Office, N.H.B.P.III-31, Balaramapuram P.O. sponsored by the Employment Exchange, Thiruvananthapuram is appointed as L.D.Clerk in the scale of Rs.950-1500/- in the T.C.Medical Councils and Kerala Nurses' & Midwives' Council, Thiruvananthapuram.

She is directed to report for duty before the Registrar, T.C.Medical Councils & Kerala Nurses' & Midwives' Council, Thiruvananthapuram within 7 days from the date of receipt of this order, failing which the order will stand automatically cancelled. She should produce the original certificate with prove age, qualification etc. at the time of joining duty.

P.K. GOPINATHAN NAIR
REGISTRAR

To

Smt. Nabeezath Beevi S.
Manchadivilakath Veedu
Near Post Office
H.N.B.P.III-31
Balarampauram P.O.

Copy to: The Examiner of Local Fund Account Department.
Trivandrum
The President. T.C.Medical Councils, Trivandrum
The President, Kerala Nurses' & Midwives' Council
Trivandrum
File / Stock File

(46)

PROCEEDINGS OF THE REGISTRAR, T.C.MEDICAL COUNCIL AND

KERALA NURSES' & MIDWIVES' COUNCIL

RED CROSS ROAD, THIRUVANANTHAPURAM-37

Sub:- Estt - T.C.Medical Council & Kerala Nurses' & Midwives' Council - regularisation of the appointment of Smt. Nabeezathu Beevi S. as L.D.Clerk - Orders issued.

Read:-1) This office order No.A.661/97/MC dated 20-4-98.

2) Resolution of the meeting of the Staff Selection Board of the T.C.Medical Council and Kerala Nurses' & Midwives' Council held on 23-10-1998.

3) Resolution No.III of the meeting of the Kerala Nurses' & Midwives' Council held on 19-11-'98.

4) Resolution No.III of the Joint Meeting of the T.C.Medical Councils held on 26-11-1998.

ORDER NO.A.661/97/MC DATED 10-12-1998

Smt. Nabeezathu Beevi S. was appointed as L.D.Clerk in T.C.Medical Council and Kerala Nurses' & Midwives' Council as per order cited first. She has joined duty on the FN of 27-4-1998 and continuing in the post of L.D.Clerk.

The meeting of the Staff Selection Board of the T.C.Medical Council and Kerala Nurses' & Midwives' Council held on 19-11-1998, the Joint Meeting of the T.C.Medical Councils held on 26-11-1998 considered her question of regularisation of her appointment as L.D.Clerk, and it was resolved that the appointment of Smt. Nabeezathu Beevi S. may be regularised with effect from 27-4-1998, the date from which she has been working.

In the circumstances, the appointment of Smt. Nabeezathu Beevi S. as L.D.Clerk is regularised with effect from 27-4-1998, the date from which she is working.

REGISTRAR

To

Smt. Nabeezathu Beevi S.
Lower Division Clerk
T.C.Medical Council & Kerala Nurses' & Midwives' Council
Red Cross Road, Thiruvananthapuram-37.

- 11

75

04404

കേരള സർക്കാർ

നം. എസ് 4/104/2017-ആരോഗ്യം.

ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 23.02.2018.

27/2/18

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി.

സ്വീകർത്താവ്

രജിസ്ട്രാർ,
ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ,
തിരുവനന്തപുരം.

A1

സർ,

വിഷയം: ആ.കു.വ. - റ്റി.സി.എം.സി. - ജീവനക്കാര്യം - ശ്രീമതി. ആർ.എസ്. സന്ധ്യ ശ്രീ. ജി. കൃഷ്ണൻ എന്നിവർക്ക് സ്ഥിരനിയമനം നൽകുന്നത് – സംബന്ധിച്ച്.

സൂചന: 1) താങ്കളുടെ 09/02/2017-ലെ എ 1/3488/2015/എം.സി നമ്പർ കത്ത്.
2) താങ്കളുടെ 27/06/2017-ലെ 3555/2012/എം.സി നമ്പർ കത്ത്.
3) 30/05/2017-ലെ സ.ഉ.(പി) 24/2017/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ്.

place before the gt. Council
3/3/18

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന ശ്രീമതി.ആർ.എസ്.സന്ധ്യ, ശ്രീ. ജി. കൃഷ്ണൻ എന്നിവർക്ക് സ്ഥിരനിയമനം നൽകുന്ന കാര്യത്തിൽ, ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ 19-ാം വകുപ്പിലെ (3)-ാം ഉപ വകുപ്പ് പ്രകാരം, തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അറിയിക്കുന്നു. കൂടാതെ, കൗൺസിലിൽ ജീവനക്കാരെ നിയമിക്കുന്ന കാര്യത്തിൽ സൂചന (3)-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,
**പ്രകാശ് ബി.എസ്**
**ജോയിന്റ് സെക്രട്ടറി,**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

26/2/18

"ഭരണഭാഷ - മാതൃഭാഷ"

107

ഫാക്സ് : 0471-2301611
ഫോൺ : 0471-2307227 (Office)
ഇ-മെയിൽ: registrartcmc@gmail.com
www.medicalcouncil.kerala.gov.in

**ട്രാവൻകൂർ - കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രാറുടെ നടപടിക്രമം**
(സാന്നിദ്ധ്യം - ഭദ്രൻ എസ്.)

വിഷയം:- റ്റി.സി.എം.സി. - ശ്രീമതി സന്ധ്യാ ആർ.എസ്. -ന് ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:- (1) 27/03/2015 -ലെ സംയുക്ത കൗൺസിൽ യോഗ തീരുമാനം.
(2) ശ്രീമതി സന്ധ്യാ ആർ.എസ്.-ന്റെ 08/02/2017-ലെ അപേക്ഷ.
(3) ഈ ആഫീസിൽ നിന്നും 09/02/2017-ൽ സർക്കാരിലേയ്ക്കയച്ച എ1. 3488/2015/എം.സി. നമ്പർ കത്ത്.
(4) സർക്കാരിന്റെ 23/02/2018-ലെ എസ്.4/104/2017 - ആരോഗ്യം നമ്പർ കത്ത്.
(5)16/03/2018 -ൽ കൂടിയ സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ തീരുമാനം.
(6) 23/03/2018-ൽ കൂടിയ സംയുക്ത കൗൺസിൽ യോഗ തീരുമാനം.

**ഉത്തരവ് നമ്പർ. എ1.3488/2015/എം.സി.** **തീയതി: 30-05-2018**

തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ 17/06/2005 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ക്ലാർക്കായി ജോലി നോക്കി വന്നിരുന്ന ശ്രീമതി സന്ധ്യാ ആർ.എസ്. (ചന്ദ്രോദയം, ശാസ്താംകോണം ജംഗ്ഷൻ, അലത്തറ റോഡ്, ശ്രീകാര്യം, തിരുവനന്തപുരം, പിൻ കോഡ്-695017) -നെ പത്ത് വർഷത്തോളമായി ജോലി നോക്കി വരുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയ്ക്കു വിധേയമായി സ്ഥിര നിയമനത്തിനു ശുപാർശ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയുണ്ടായി. സ്ഥിര നിയമനം ലഭിക്കുന്നതിനായി ശ്രീമതി സന്ധ്യ സമർപ്പിച്ച അപേക്ഷ നിശ്ചിത യോഗ്യതയുള്ളതിനാൽ ആയതിന് സർക്കാരിന്റെ അനുമതി തേടി പരാമർശം (3) പ്രകാരം കത്ത് സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടായിരുന്നു. പരാമർശം (4) -ലെ സർക്കാർ കത്ത് പ്രകാരം 1953-ലെ തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിലെ 19-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് അനുസരിച്ച് തുടർ നടപടികൾ കൈക്കൊള്ളാൻ അനുവാദം നൽകിയിട്ടുള്ളതുമാണ്.

1953-ലെ തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിലെ 19-ാം വകുപ്പ് (3)-ാം ഉപവകുപ്പ് കൗൺസിലിന് ആവശ്യമുള്ള ജീവനക്കാരെ നിയമിക്കാവുന്നതാണെന്നും എന്നാൽ അവരുടെ എണ്ണം, തസ്തിക, ശമ്പളം, അലവൻസ് എന്നിവ സർക്കാരിന്റെ മുൻകൂർ അനുമതിയ്ക്ക് വിധേയമായിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം 16/03/2018-ൽ കൂടിയ സ്റ്റാഫ് സെലക്ഷൻ ബോർഡ് ശ്രീമതി സന്ധ്യാ ആർ.എസ്. -നെ 19,000-43,600 എന്ന ശമ്പള സ്കെയിലിൽ ഒഴിവുള്ള എൽ.ഡി. ക്ലാർക്ക് തസ്തികയിൽ സ്ഥിരം നിയമനം നടത്തുന്നതിന് ശുപാർശ ചെയ്യുകയും ആയത് 23/03/2018-ൽ കൂടിയ സംയുക്ത കൗൺസിൽ യോഗം അംഗീകരിക്കുകയും 23/03/2018 പ്രാബല്യത്തിൽ ശ്രീമതി. സന്ധ്യാ ആർ. എസ്. ന്

ക്ലാർക്ക് തസ്തികയിൽ സ്ഥിര നിയമനം നൽകി ഉത്തരവാകുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുകയുണ്ടായി.

മേൽ സാഹചര്യത്തിൽ ശ്രീമതി സന്ധ്യാ ആർ.എസ് നെ (ചന്ദ്രോദയം, ശാസ്താംകോണം ജംഗ്ഷൻ, അലത്തറ റോഡ്, ശ്രീകാര്യം, തിരുവനന്തപുരം, പിൻ കോഡ്-695017), കൗൺസിലിൽ നിലവിലുള്ള ലോവർ ഡിവിഷൻ ക്ലാർക്കിന്റെ ഒഴിവിൽ 19,000-43,600 ശമ്പള സ്കെയിലിൽ 23/03/2018 പൂർവ്വാഹ്നം പ്രാബല്യത്തിൽ എൽ.ഡി. ക്ലാർക്കായി നിയമിച്ച് ഉത്തരവാകുന്നു. ശ്രീമതി.സന്ധ്യ ആർ.എസ്-ന് തുടർച്ചയായ മൂന്ന് വർഷസേവനകാലയളവിനുള്ളിൽ രണ്ട് വർഷകാലയളവ് പ്രൊബേഷൻകാലമായിരിക്കുന്നതാണ്.

രജിസ്ട്രാർ

പകർപ്പ്:

1. ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ് (ആമുഖകത്ത് സഹിതം)
2. ഡയറക്ടർ ലോക്കൽ ഫണ്ട് (ആഡിറ്റ്)
3. വ്യക്തിയ്ക്ക്
4. രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/മാനേജർ/ജൂനിയർ സൂപ്രണ്ട്.
5. ഫയൽ, സ്റ്റോക്ക് ഫയൽ.

-17

ഫാക്സ് : 0471-2301611
ഫോൺ : 0471-2307227 (Office)
ഇ-മെയിൽ: registrartcmc@gmail.com
www.medicalcouncil.kerala.gov.in

**ട്രാവൻകൂർ - കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രാറുടെ നടപടിക്രമം**
**(സാന്നിദ്ധ്യം - ഭദ്രൻ എസ്.)**

വിഷയം:- ടി.സി.എം.സി. - ദിവസവേതനാടിസ്ഥാനത്തിൽ സെക്യൂരിറ്റി ഗാർഡായി ജോലി ചെയ്യുന്ന ശ്രീ ജി. കൃഷ്ണന് ഓഫീസ് അറ്റൻഡന്റ്/നൈറ്റ് വാച്ചർ തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:- (1) ശ്രീ ജി. കൃഷ്ണന്റെ 27/03/2017-ലെ അപേക്ഷ.
(2) 30/03/2017-ൽ കൂടിയ സംയുക്ത കൗൺസിലിന്റെ III -ാം നമ്പർ തീരുമാനം.
3) ഈ ആഫീസിലെ 25/10/2017-ലെ ഇതേ നമ്പർ കത്ത്.
4) സർക്കാരിന്റെ 23/02/2018-ലെ എസ്. 4/104/2017 - ആരോഗ്യം നമ്പർ കത്ത്.
5) 16/03/2018 -ൽ കൂടിയ സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ തീരുമാനം.
6) 23/03/2018-ൽ കൂടിയ സംയുക്ത കൗൺസിൽ യോഗ തീരുമാനം.

**ഉത്തരവ് നമ്പർ. എ1.3555/2017/എം.സി. തീയതി: 30-05-2018**

തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ 2006 മുതൽ 10 വർഷത്തിൽ കൂടുതൽ കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിൽ സെക്യൂരിറ്റി ഗാർഡായി ജോലി നോക്കുന്ന ശ്രീ ജി. കൃഷ്ണൻ (പണ്ടാരവിള വീട്, തൊഴുക്കൽ, നെയ്യാറ്റിൻകര പി.ഒ., തിരുവനന്തപുരം, പിൻകോഡ് - 695121) നൈറ്റ് വാച്ചർ തസ്തികയിലേയ്ക്ക് സ്ഥിര നിയമനം ലഭിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചു. ആയത് പരാമർശം (2) പ്രകാരം സംയുക്ത കൗൺസിൽ പരിഗണിക്കുകയും ശ്രീ ജി. കൃഷ്ണന് സർക്കാർ അംഗീകാരത്തിന് വിധേയമായി സ്ഥിര നിയമനം ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അംഗീകാരത്തിനായി പരാമർശം (3) പ്രകാരം കത്തയക്കുകയും പരാമർശം (4)-ലെ സർക്കാർ കത്ത് പ്രകാരം 1953-ലെ തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിന്റെ 19 വകുപ്പ് (3)-ാം ഉപവകുപ്പ് അനുസരിച്ച് അനുയോജ്യമായ തീരുമാനം കൈക്കൊള്ളാൻ അനുവാദം നൽകിയിട്ടുള്ളതുമാണ്.

1953-ലെ തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിന്റെ 19 വകുപ്പ് (3)-ാം ഉപവകുപ്പിൽ വിവക്ഷിക്കുന്നത് സർക്കാർ അനുമതിയോടുകൂടി കൗൺസിലിൽ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കാമെന്നതാണ്.

സർക്കാർ അനുമതിയുടെ വെളിച്ചത്തിൽ പരാമർശം (5) പ്രകാരം കൂടിയ സ്റ്റാഫ് സെലക്ഷൻ ബോർഡ് ശ്രീ ജി. കൃഷ്ണനെ കൗൺസിലിലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി സ്ഥിരപ്പെടുത്തുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുകയും ആയത് പരാമർശം (6) പ്രകാരം കൂടിയ സംയുക്ത കൗൺസിൽ അംഗീകരിക്കുകയും 23/03/2018 പ്രാബല്യത്തോടെ നിലവിൽ ഒഴിവുള്ള നൈറ്റ് വാച്ചർ തസ്തികയിൽ സ്ഥിരനിയമനം നൽകാൻ തീരുമാനിച്ചിട്ടുള്ളതുമാണ്.

ഈ സാഹചര്യത്തിൽ ശ്രീ ജി. കൃഷ്ണൻ, പണ്ടാരവിള വീട്, തൊഴുക്കൽ, നെയ്യാറ്റിൻക്കര പി.ഒ., തിരുവനന്തപുരം, പിൻകോഡ്-695121, 23/03/2018 പൂർവ്വാഹ്നം പ്രാബല്യത്തിൽ 16,500-35,700 ശമ്പള സ്കെയിലിൽ നൈറ്റ് വാച്ചറായി നിയമിച്ച് ഉത്തരവാകുന്നു. നിലവിലുള്ള നൈറ്റ് വാച്ചറുടെ ഒഴിവിൽ ടിയാൻ തുടർച്ചയായ രണ്ടു വർഷസേവനകാലയളവിനുള്ളിൽ ഒരു വർഷകാലയളവ് പ്രൊബേഷൻകാലമായിരിക്കുന്നതാണ്.

രജിസ്ട്രാർ

പകർപ്പ്:

1. ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ് (ആമുഖകത്ത് സഹിതം)
2. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്
3. ബന്ധപ്പെട്ട വ്യക്തിയ്ക്ക്
4. രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/മാനേജർ/ജൂനിയർ സൂപ്രണ്ട്.
5. ഫയൽ, സ്റ്റോക്ക് ഫയൽ.